# കുടുംബശ്രീ ഇറങ്ങി; 15 പട്ടികൾ അകത്ത്

തിരുവനന്തപുരം: തെരുവ് നായ്ക്കളെ പിടിക്കാൻ ഒടുവിൽ കുടുംബശ്രീഅംഗങ്ങൾരംഗത്തിറങ്ങി. ആദ്യ ദിവസം തന്നെ 15 നായ്ക്കളെ പിടികൂടിമൃഗാശുപത്രികളിൽ എത്തിച്ച് വന്ധ്യംകരണം നടത്തി. കൂട് വച്ചാണ് നായ്ക്കളെ പിടികൂടിയത്.

എറണാകുളം ജില്ലയിലെ പാറക്കടവ്, അങ്കമാലി, പാമ്പാക്കട, കോതമംഗലം എന്നീ ബ്ളോക്കകളിലാണ്20 സ്ത്രീകൾനായ്ക്കളെ പിടികൂടാനായി ഇറങ്ങിയത്. നായ ഒന്നിന് 750 രൂപയാണ് പ്രതിഫലം. സംസ്ഥാനമൊട്ടാകെ 2000 കുടുംബശ്രീ വനിതകൾക്കാണ് പട്ടികളെ പിടിക്കാൻ പരിശീലനം നൽകിയത്. അഞ്ചുപേരടങ്ങുന്നതാണ് ഓരോ സംരംഭക യൂണിറ്റും. കുടുംബശ്രീ കുടുംബാംഗങ്ങളായ പുരുഷൻമാർക്കും ഇതിൽ പങ്കാളികളാകാം. തിരഞ്ഞെടുത്തവർക്ക് മൂന്ന് ദിവസത്തെ വിദഗ്ധ പരിശീലനം നൽകും.



തെരുവുനായയെ വന്ധീകരിക്കുന്നു

# കുടുംബശ്രീ വനിതകൾ നായ് പിടിത്തം തുടങ്ങി

കാക്കനാട് • തെരുവുനായ്ക്കളെ പിടിക്കാൻ കുടുംബശ്രീ വനിതകളും രംഗത്തിറങ്ങി ഇന്നലെ 15 നായ്ക്കളെ പിടികൂടിക്കൊണ്ടായിരുന്നു തുടക്കം. തെരുവുനായ് പിടിത്തത്തിൽ പരിശീലനം ലഭിച്ച സംസ്ഥാനത്തെ ആദ്യ വനിതാ സംരക്ഷക ഗ്രൂപ്പാണു ജില്ലയിൽ രംഗത്തിറങ്ങിയിരിക്കുന്നത്.

അങ്കമാലി, പാമ്പാക്കുട, പാറക്കടവ്, കോതമംഗലം ബ്ലോക്ക് പരിധികളിലെ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിലാണു തെരുവുനായ്ക്കളെ പിടികൂടുന്നത്. ഇന്നലെ പിടിച്ച നായ്ക്കളെ മുഴുവൻ മൃഗാശുപത്രികളിലെത്തിച്ചു വന്ധ്യംകരണത്തിനു വിധേയമാക്കി.

അയൽക്കൂട്ടങ്ങളിൽ നിന്നു തിരഞ്ഞെടുക്കുന്ന വനിതകൾക്ക് നായ് പിടിത്തതിൽ പരിശീലനം നൽകിയാണ് സംരക്ഷക ഗ്രൂപ്പിൽ ചേർക്കുന്നത്.

തെരുവുനായ് ശല്യം രൂക്ഷമായ സാഹചര്യത്തിലാണ് ഇതു പരിഹരിക്കാൻ കുടുംബശ്രീ ഇടപെടുന്നത്.

നിയമ വിധേയമായി നായ്ക്കളെ പിടിച്ചു കൂട്ടിലാക്കി മൃഗാശുപത്രിയിലെത്തിച്ചു വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയമാക്കിയ ശേഷം തുടർ പരിചരണം ഉറപ്പാക്കുകയാണ് ഇവർ ചെയ്യുന്നത്. കുടുംബശ്രീയുടെ നായ് പിടിത്ത സംരക്ഷക ഗ്രൂപ്പുകളിൽ അഞ്ചു വീതം അംഗങ്ങളാണുള്ളത്. ഇവർക്കു പ്രത്യേക യൂണിഫോമും തിരിച്ചറിയൽ കാർഡും നൽകിയിട്ടുണ്ട്. കുടുംബശ്രീ കുടുംബങ്ങളിലെ പുരുഷൻമാർക്കും ഇതിൽ പങ്കാളികളാകാം.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകും. തദ്ദേശ സ്ഥാപനങ്ങളുടെയും മൃഗ സംരക്ഷണ വകുപ്പിന്റെയും സഹകരണത്തോടെയാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ നായ് പിടിത്ത സംരക്ഷക യൂണിറ്റുകൾ രൂപീകരിക്കുന്നത്.



കുടുംബശ്രീ വനിതകൾ പിടികൂടിയ തെരുവുനായയെ തിരുമാറാടി എബിസി കേന്ദ്രത്തിൽ വന്ധ്യംകരണത്തിനു വിധേയമാക്കിയപ്പോൾ.

ഒരു തെരുവുനായയെ പിടികൂടി ആശുപത്രിയിലെത്തിച്ചാൽ 750 രൂപ ഇവർക്കു ജില്ലാ പഞ്ചായത്ത് നൽകും. സംസ്ഥാനത്തൊട്ടാകെ 2,000 കുടുംബശ്രീ വനിതകളെ പരിശീലിപ്പിച്ചു രംഗത്തിറക്കാനാണ് നടപടിയെടുക്കുന്നത്. ഇത്തരം ഗ്രൂപ്പുകൾക്ക് നിയമപരമായ അംഗീകാരം ലഭിക്കാനും പ്രതിഫലം വർധിപ്പിക്കാനും നടപടിയെടുക്കും.